(ബി) പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ച സാഹചര്യത്തിലും, പുതിയ എക്സ്-റേ ക്ലിനിക്കൽ ലാബ് പണിയുന്നതിന് അനുമതി ലഭിച്ച സാഹചര്യത്തിലും ജീർണ്ണിച്ച അവസ്ഥയിലുള്ള പഴയ കെട്ടിടഭാഗങ്ങൾ പൊളിച്ചുമാറ്റുന്നതിനായി അടിയന്തര അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

ചാലക്കുടി മണ്ഡലത്തിലെ കാടുകുറ്റി-കാക്കാട് പി.എച്ച്.സി.

42 (4845) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിലെ കാടുകുറ്റി-കക്കാട് പി.എച്ച്.സി.-യിലെ കിടത്തി ചികിത്സ പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) കക്കാട് പി.എച്ച്.സി.-യുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ഇനിയും പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കക്കാട് പി.എച്ച്.സി. കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിനും അവിടെ കിടത്തി ചികിത്സ പുനരാരംഭിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കക്കാട് പി.എച്ച്.സി.-യിലെ പുതിയ ഒ.പി. കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ച് അധിക തസ്തികകളും സൗകര്യങ്ങളും സൃഷ്ടിക്കുന്നമുറയ്ക്ക് കിടത്തി ചികിത്സ പുനഃരാരംഭിക്കുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ചാലക്കുടി നിയോജകമണ്ഡലത്തിലെ കക്കാട് പി.എച്ച്.സി.-യുടെ ഒ.പി. കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. എം.എൽ.എ. ഫണ്ട് ഉപയോഗപ്പെടുത്തി കാടുകുറ്റി പഞ്ചായത്ത് സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിലാണ് ഒ.പി. കെട്ടിട നിർമ്മാണം നടക്കുന്നത്. ഇപ്പോൾ ഒ.പി.-യിൽവരുന്ന രോഗികളെ പരിശോധിക്കുന്നതും

LIBRARY ARCHIVES Kerala Legislative Assembly

മരുന്നുകൊടുക്കുന്നതും ഐ.പി. കെട്ടിടത്തിലാണ്. ഒ.പി. കെട്ടിടം പണി പൂർത്തീകരിച്ചാൽ മാത്രമേ ഐ.പി. കെട്ടിടത്തിൽ സൗകര്യമുണ്ടാവുകയുള്ളൂ. നിലവിൽ അനുവദിച്ച തസ്തികകൾ 23 ആണ്. 24X7 പി.എച്ച്.സി. നിലവാരത്തിലുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ന്യൂബോൺ സ്ക്രീനിംഗ് സംവിധാനം

43 (4846) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂബോൺ സ്ക്രീനിംഗ് സംവിധാനം എന്ന് മുതലാണ് നടപ്പിലാക്കി തുടങ്ങിയത് ;

(ബി) ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) ഈ പദ്ധതി എല്ലാ പി.എച്ച്.സി. കളിലും നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2013 മാർച്ചിലാണ് ന്യൂബോൺ സ്ക്രീനിംഗ് പ്രോഗ്രാം കേരളത്തിൽ ആരംഭിച്ചത്.

(ബി) നവജാത ശിശുക്കളിൽ ജന്മനാൽ ഉണ്ടാകുന്ന നാല് മെറ്റബോളിക് ജനിതക രോഗങ്ങൾ കണ്ടുപിടിക്കുന്നതിനായി തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിലും റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ് എറണാകുളം, കണ്ണൂർ, കോഴിക്കോട് എന്നിവിടങ്ങളിലും ന്യൂബോൺ സ്ക്രീനിംഗ് ടെസ്റ്റുകൾ നടപ്പാക്കിയിട്ടുണ്ട്.

താഴെപ്പറയുന്ന നാല് രോഗങ്ങൾക്കുള്ള ടെസ്റ്റുകളാണ് ഈ കേന്ദ്രങ്ങളിൽ നടക്കുന്നത് :

1. കൺജെനിറ്റൽ ഹൈപ്പോ തൈറോയ്ഡിസം
2. കൺജെനിറ്റൽ അഡ്രിനൽ ഹൈപ്പർ പ്ലാസിയ

LIBRARY ARCHIVES Kerala Legislative Assembly